**ശ്രദ്ധക്ഷണിക്കൽ**

നീന്തൽ പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തൽ

ശ്രീ. സി. ദിവാകരൻ: സർ, പ്രതിഭാധനനായ നടൻ അനിൽ നെടുമങ്ങാടിന്റെ മുങ്ങി മരണം ഞെട്ടലോടെയാണ് നാം കേട്ടത്. ഈ വിധമുള്ള ദുരന്തങ്ങളെക്കുറിച്ചാണ് സർക്കാരിന്റെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരുന്നത്. കേരളത്തിൽ നിരന്തരമുണ്ടാകുന്ന മുങ്ങി മരണങ്ങൾ, ഒരു ദിവസം ശരാശരി മൂന്നിലധികം പേരാണ് കേരളത്തിൽ മുങ്ങി മരിക്കുന്നത്. ഇതിൽ 60 ശതമാനം പേരും 30 വയസ്സിന് താഴെയുള്ളവരാണ്. സംസ്ഥാനത്ത് റോഡപകടങ്ങൾ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ആളുകൾ മരിക്കുന്നത് മുങ്ങി മരണങ്ങളിലൂടെയാണ്. എന്നാൽ വേണ്ടത്ര സർക്കാരിന്റെ ശ്രദ്ധ ഈ മേഖലയിൽ പതിയുന്നില്ല. 2019-ൽ 1490 പേർ മുങ്ങിമരിച്ചു. മുങ്ങിമരണങ്ങളുടെ കാരണം പരിശോധിച്ചാൽ മനസ്സിലാകുന്നത് നീന്തൽ അറിയാവുന്നവരും അപകടത്തിൽപ്പെടുന്നുയെന്നതാണ്. ഇതിന് കാരണം ജലാശയങ്ങളെക്കുറിച്ചുള്ള അപരിചിതത്വം, അനിയന്ത്രിതമായി മണലെടുപ്പുമൂലമുണ്ടാകുന്ന കുഴികൾ, കല്ലുവെട്ട് കുഴികൾ, ക്വാറികൾ, എന്നിവയാണ്. പലപ്പോഴും ഉറ്റവരുടെയോ സുഹൃത്തുക്കളുടെയോ കൺമുന്നിൽ

അവർ നിസ്സഹായകരായി നോക്കി നിൽക്കെയാണ് അപകടങ്ങൾ സംഭവിക്കുന്നത്. ഇത്തരം അപകടങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ഈ കാര്യം ഗൗരവമായി പരിഗണിച്ച് സർക്കാർ നീന്തൽ പരിജ്ഞാനം പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിനുള്ള നടപടി ആരംഭിച്ചെങ്കിലും കോവിഡ് കാരണം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഇങ്ങനെയുള്ള അപകടങ്ങൾ പരമാവധി ഒഴിവാക്കുന്നതിന് ബോധവൽക്കരണം, ജലാശയങ്ങളിലെ കുളിക്കടവുകൾ അടയാളപ്പെടുത്തൽ, ലൈഫ് ഗാർഡുകളുടെ സേവനം ഉറപ്പാക്കൽ, മുന്നറിയിപ്പ് സംവിധാനങ്ങൾ, സ്കൂളുകളിലും കോളേജുകളിലും നീന്തൽ പരിശീലനത്തിനാവശ്യമായ സജ്ജീകരണങ്ങൾ, ഓരോ ജില്ലയിലും ആധുനിക സജ്ജീകരണങ്ങളോടെ നീന്തൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നിവ ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കേരളത്തിലെ മാധ്യമങ്ങൾ ഈ വിഷയം പല സന്ദർഭങ്ങളിലായി റിപ്പോർട്ട് ചെയ്തിരുന്ന വിവരവും ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പ്രമുഖ ദിനപ്പത്രമായ 'മാതൃഭൂമി' ഈ വിഷയത്തെക്കുറിച്ച് സുദീർഘമായ എഡിറ്റോറിയൽ നൽകിയിട്ടുണ്ട്. ഇത് അതീവ ഗുരുതരമായ

വിഷയമാണ്. ..............(ബഹളം)........... മുങ്ങി മരിക്കുന്നവരുടെ കാര്യം പറയുമ്പോൾ നിങ്ങൾ എന്തിനാണ് ബഹളം വയ്ക്കുന്നത്? നിരപരാധികൾ വെള്ളത്തിൽ മുങ്ങി മരിക്കുന്നത്. ...(ബഹളം)..................

മി. സ്പീക്കർ: അങ്ങ് അത് നോക്കി നിൽക്കേണ്ട, അങ്ങ് സംസാരിക്കൂ..

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിൽ ശാപമായി വന്നിരിക്കുകയാണ്. കേരളത്തിലെ നദികളിൽ, വെള്ളക്കെട്ടുകളിൽ, കുളങ്ങളിൽ നിത്യേന മരണം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം ചെറുപ്പക്കാരും കുട്ടികളുമാണ്. അവർക്ക് നീന്താൻ അറിയില്ല. നീന്തൽ പരിശീലനങ്ങളില്ല. എല്ലാ ജില്ലകളിലും ഇതുണ്ടാകേണ്ടതാണ്. ഒരു വർഷംതന്നെ ആയിരക്കണക്കിന് ആളുകൾ മുങ്ങിമരിക്കുകയാണ്. മാധ്യമങ്ങളെല്ലാം ഇത് ഗൗരവമായ വിഷയമായി അവതരിപ്പിച്ചിട്ടുണ്ട്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അപേക്ഷിക്കുന്നത് നമ്മുടെ നാട്ടിലെ ഈ മുങ്ങി മരണങ്ങൾ നിരപരാധികൾ, പാവപ്പെട്ട കുട്ടികൾ, ചെറുപ്പക്കാർ..... നമ്മുടെ സമ്പത്ത് നഷ്ടപ്പെടുകയാണ്. ഈയൊരു പ്രശ്നത്തിന് പരിഹാരം കാണാൻ നീന്തൽ പരിജ്ഞാനം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം. നീന്തൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ച് വിപുലമായ ഒരു പദ്ധതിക്ക്

ഗവൺമെന്റ് രൂപം നൽകണമെന്നാണ് ഞാനെന്റെ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച കാര്യങ്ങൾ അതീവ ഗൗരവമായിത്തന്നെയാണ് സർക്കാരും പരിഗണിച്ചുവരുന്നത്. കേരളത്തിൽ വർദ്ധിച്ചുവരുന്ന ജലാശയ അപകടങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് വിവിധ പദ്ധതികളിലൂടെ ഊർജ്ജിതമായ നടപടിയാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ജലാശയ അപകടങ്ങൾ ഉൾപ്പെടെയുള്ള സുരക്ഷാപ്രശ്നങ്ങൾ വിശദമായി പഠിച്ച് ജനങ്ങളിൽ സുരക്ഷാ അവബോധം സൃഷ്ടിച്ച് മെച്ചപ്പെട്ട സുരക്ഷ ഉറപ്പ് വരുത്തുന്നതിനും അതിലൂടെ ദുരന്തങ്ങൾ ഒഴിവാക്കുന്നതിനും അപകടം ഉണ്ടാകുകയാണെങ്കിൽ നേരിടുന്നതിനും സമൂഹത്തെ പ്രാപ്തമാക്കുന്നതിന് അഗ്നിരക്ഷാ വകുപ്പ് സേഫ്റ്റി ബീറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

മുൻകാലങ്ങളിൽ അപകടമുണ്ടായ സ്ഥലങ്ങളിൽ അപകട മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ദുരന്ത നിവാരണ പ്രവർത്തനങ്ങളിലും ജലാശയ അപകടങ്ങളിലും പൊതുജന പങ്കാളിത്തം ഉറപ്പാക്കി രക്ഷാപ്രവർത്തനം കൂടുതൽ

കാര്യക്ഷമമാക്കുന്നതിനായി വിവിധ മേഖലകളിലുള്ള സിവിൽ ഡിഫൻസ് വോളണ്ടിയർമാരെ തെരഞ്ഞെടുത്ത് പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. സാമൂഹിക സന്നദ്ധ സേനയിലെ അംഗങ്ങൾക്കും ഈ പരിശീലനം നൽകാൻ സംവിധാനം ഒരുക്കിയിട്ടുണ്ട്. സ്കൂബാ ഡൈവിംഗിൽ പ്രത്യേക പരിശീലനം നൽകി ജലാശയ അപകടങ്ങളിൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് പര്യാപ്തമാക്കി 14 ജില്ലകളിലും പ്രത്യേക ടീമുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഫോർട്ട് കൊച്ചി കേന്ദ്രമാക്കി ജലസുരക്ഷാ വിദഗ്ദ്ധ പരിശീലന കേന്ദ്രം ആരംഭിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട അംഗം നീന്തൽ പരിശീലനം നൽകുന്നതിനെ കുറിച്ച് പറയുകയുണ്ടായി. സർക്കാരിന്റെ മിഷൻ 676 ജലസുരക്ഷാ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ സ്കൂളുകളിലെ 3150 വിദ്യാർത്ഥികൾക്ക് പ്രാഥമിക നീന്തൽ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ, പാഠ്യപദ്ധതിയിൽ നീന്തൽ പരിജ്ഞാനം ഉൾപ്പെടുത്തുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിനും സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് ഡയറക്ടർക്കും ശിപാർശ നൽകിയിട്ടുണ്ട്. നമ്മുടെ

സംസ്ഥാനത്തെ എല്ലാ കുട്ടികളെയും നീന്തൽ പരിശീലനം ലഭിച്ചവരാക്കി മാറ്റുന്നതിനുള്ള നടപടിയും സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ജനമൈത്രി സുരക്ഷാ പദ്ധതി, സ്റ്റുഡന്റ് പോലീസ് കേഡറ്റ് തുടങ്ങിയവയിലൂടെ സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കും ക്ലബ്ബുകളും റെസിഡൻസ് അസോസിയേഷനുകളും കേന്ദ്രീകരിച്ച് യുവാക്കൾക്കും നീന്തൽ പരിശീലനം നൽകിവരുന്നുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങളിലും മറ്റും ലൈഫ് ഗാർഡുകളെ നിയമിച്ച് മുങ്ങിമരണങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. നമ്മുടെ സംസ്ഥാനത്ത് ധാരാളം ജലാശയങ്ങളും പുഴകളും നീന്താൻ പറ്റുന്ന തരത്തിലുള്ള മറ്റ് വെള്ളക്കെട്ടുകളുമെല്ലാം ഉണ്ടെങ്കിലും എല്ലാ സ്ഥലങ്ങളിലും ശാസ്ത്രീയമായ നീന്തൽക്കുളങ്ങൾ സംഘടിപ്പിക്കാനും ആലോചിച്ചുവരുന്നുണ്ട്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഞാൻ ഈ വിഷയം സഭയിൽ കൊണ്ടുവരാൻ കാരണം, എന്റെ നിയോജക മണ്ഡലത്തിലെ പ്രതിഭാധനനായ സിനിമാ നടൻ അനിൽ നെടുമങ്ങാടിന്റെ മുങ്ങിമരണം ഈ അടുത്ത കാലത്ത് സംഭവിക്കുകയുണ്ടായി. അത് വലിയ സങ്കടമാണ് ആളുകൾക്കുണ്ടാക്കിയത്. അദ്ദേഹം ഒന്നാന്തരമൊരു നടനായിരുന്നു.

അദ്ദേഹത്തിന്റെ പേരിൽ നെടുമങ്ങാട് എന്തെങ്കിലുമൊരു സ്മാരകമുണ്ടാക്കാൻ ബന്ധപ്പെട്ട വകുപ്പ് ആലോചിക്കണമെന്നാണ് എന്റെ അപേക്ഷ.

ശ്രീ. പിണറായി വിജയൻ: സർ, മുങ്ങിമരണമായാലും സാധാരണ മരണമായാലും ഏതും സങ്കടകരമാണ്. പ്രത്യേകിച്ച് പ്രതിഭാധനന്മാർ അപടത്തിൽപ്പെട്ട് മരിക്കുമ്പോൾ സ്വാഭാവികമായും ദുഃഖം ഇരട്ടിക്കും. ഇത് ആവർത്തിക്കാതിരിക്കാൻ ആവശ്യമായ എല്ലാ കരുതലുകളും നമുക്ക് സ്വീകരിക്കാം.

ദേവസ്വം ബോർഡിൽ സാമുദായിക സംവരണം

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ദേവസ്വം ബോർഡിൽ നിലവിൽ പട്ടിക വിഭാഗങ്ങൾക്ക് 12 ശതമാനം സംവരണമാണുള്ളത്. അതിൽ 10 ശതമാനം പട്ടികജാതിക്കാർക്കും 2 ശതമാനം പട്ടികവർഗ്ഗക്കാർക്കുമാണ്. ഹിന്ദു സമുദായങ്ങൾക്ക് മാത്രം ജോലി നൽകുന്നൊരു സ്ഥാപനം എന്നുള്ള നിലയിൽ ദേവസ്വം ബോർഡിൽ ഹിന്ദു ജനസംഖ്യാനുപാതികമായി യഥാർത്ഥത്തിൽ 19 ശതമാനമാണ് സംവരണം കൊടുക്കേണ്ടിയിരുന്നത്. എന്നാൽ പി.എസ്.സി. പോലുള്ള, നമ്മുടെ സംസ്ഥാനത്ത് ജോലി കൊടുക്കുന്ന റിക്രൂട്ട്മെന്റ് ചെയ്യുന്ന സ്ഥാപനങ്ങളിലെ അതേ പാറ്റേണാണ്

ഈ ദേവസ്വം ബോർഡിലും ഇപ്പോൾ നിലവിലുള്ളത്. 12 ശതമാനം എന്നത് എല്ലാ സ്ഥാപനങ്ങളിലും കൊടുക്കുന്ന സംവരണത്തിന്റെ മാതൃക മാത്രമാണ്. ഹിന്ദു ജനസംഖ്യയിൽ പട്ടിക വിഭാഗങ്ങൾ 19 ശതമാനമുണ്ട്. 19 ശതമാനം പട്ടികവിഭാഗങ്ങൾ ഉള്ളതുകൊണ്ട് യഥാർത്ഥത്തിൽ 19 ശതമാനം സംവരണത്തിനും ഈ ദേവസ്വം ബോർഡിൽ അർഹതയുള്ളവരാണ്. അതുപോലെത്തന്നെ ദേവസ്വം ബോർഡിന്റെ ഒട്ടനവധി സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. അതിൽ കോളേജുകളും സ്കൂളുകളുമെല്ലാമുണ്ട്. അവിടങ്ങളിലൊന്നും ഇതുവരെ ഈ പറഞ്ഞ 12 ശതമാനത്തിന്റെ സംവരണതോത് നടപ്പിലാക്കിയിട്ടില്ല.

കേരളത്തിലെ ദേവസ്വം ബോർഡ് ഉടമസ്ഥതയിലുള്ള ക്ഷേത്രങ്ങളിലും മറ്റ് സ്ഥാപനങ്ങളിലെയും നിയമനം ദേവസ്വം ബോർഡ് റിക്രൂട്ട്മെന്റ് വഴിയാണ് നടത്തുന്നത്. കേരളത്തിൽ തിരുവിതാംകൂർ, കൊച്ചി, ഗുരുവായൂർ, മലബാർ, കൂടൽമാണിക്യം എന്നിങ്ങനെ അഞ്ച് ദേവസ്വം ബോർഡുകളുണ്ട്. മൂവായിരത്തോളം ക്ഷേത്രങ്ങളിൽ എട്ടിലധികം കോളേജുകളും നിരവധി സ്കൂളുകളും ദേവസ്വം ബോർഡുകളുടെ കീഴിൽ പ്രവർത്തിച്ചുവരുന്നുണ്ട്. 60 വർഷം മേൽസ്ഥാപനങ്ങളിൽ സംവരണ വിഭാഗങ്ങൾ പല

കാരണങ്ങൾകൊണ്ടും പ്രവേശനം ലഭിച്ചിട്ടില്ല. നിലവിൽ ദേവസ്വം ബോർഡ് റിക്രൂട്ട്മെന്റ് വഴി സംവരണം നടത്തുന്നുണ്ടെങ്കിലും ഈ സംവരണതോത് പാലിക്കാൻ കഴിഞ്ഞിട്ടില്ല.

എന്റെ ആവശ്യമെന്ന് പറയുന്നത്, ഇവിടെ ബഹുമാനപ്പെട്ട പി. സി. ജോർജ് 05.11.2019-ൽ ഒരു ചോദ്യം ചോദിച്ചു, 'ദേവസ്വം ബോർഡിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്രപേർ ജോലി ചെയ്യുന്നുണ്ട്; കണക്കുകൾ ലഭ്യമാക്കുമോ; ആയതിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെടുന്നവർ എത്ര പേർ ഉണ്ടെന്നും അത് എത്ര ശതമാനം വരുമെന്നും വിശദമാക്കാമോ' എന്ന്. അതിന്റെ മറുപടി ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ സാർ തന്നെ കൊടുത്തിട്ടുണ്ട്,

തിരുവിതാംകൂർ ദേവസ്വം ബോർഡ്- 495

കൊച്ചിൻ ദേവസ്വം ബോർഡ്- 152

ഗുരുവായൂർ ദേവസ്വം ബോർഡ്- 204

**<u>എസ്.സി./എസ്.ടി.</u>**

<u>തിരുവിതാംകൂർ ദേവസ്വം എയ്ഡഡ് സ്കൂൾ</u>- എസ്.സി.-2, എസ്.ടി.-ഇല്ല.

<u>എയ്ഡഡ് കോളേജ്</u>- എസ്.സി.- ഇല്ല, എസ്.ടി.- 5.

<u>കൊച്ചിൻ ദേവസ്വം</u>- എസ്.സി.-5, എസ്.ടി.- ഇല്ല.

<u>ഗുരുവായൂർ ദേവസ്വം</u>- എസ്.സി.- 11, എസ്.ടി.- ഇല്ല.

ശതമാനക്കണക്കിൽ പറഞ്ഞാൽ, തിരുവിതാംകൂർ ദേവസ്വം- 1.4, കൊച്ചിൻ ദേവസ്വം- 3.3, ഗുരുവായൂർ ദേവസ്വം- 5.5.

ഇത് 05.11.2019-ലെ കണക്കാണ്. അതിനുശേഷം എന്തെങ്കിലും മാറ്റം വന്നിട്ടുണ്ടോയെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയനുസരിച്ചേ മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ.

അതുപോലെത്തന്നെയാണ് പിന്നോക്ക സമുദായത്തിൽപ്പെട്ട വിശ്വകർമ്മ പോലുള്ള സമുദായങ്ങളും. വിശ്വകർമ്മരാണ് യഥാർത്ഥത്തിൽ ഈ ക്ഷേത്രങ്ങളെല്ലാം പണിയുന്നത്. ക്ഷേത്രങ്ങൾ പണിയാൻമാത്രം അവരെ ഉപയോഗിക്കുന്നു. പക്ഷേ, പിന്നോക്ക സമുദായമെന്ന് പറയുമ്പോൾ വിശ്വകർമ്മ പോലുള്ള ഏറ്റവും ബാക്ക്‌വേർഡായി നിൽക്കുന്ന ഈ സമുദായങ്ങൾക്ക് യഥാർത്ഥത്തിൽ ദേവസ്വം ബോർഡിൽ ജോലി ലഭിക്കുന്നില്ല. ക്ഷേത്രത്തിന്റെ പണി കഴിഞ്ഞ് അവരെ പറഞ്ഞുവിടുന്നു. അമ്പലത്തിന്റെ അകത്തേയ്ക്ക് കയറി ഒരു ജോലി ചെയ്യാനുള്ള

അനുമതി കൊടുക്കുന്നില്ല. പട്ടികജാതിക്കാരെപ്പോലെത്തന്നെ അകറ്റി നിർത്തിയിരിക്കുന്ന ഒരു വിഭാഗമാണ് വിശ്വകർമ്മ സമുദായം. അതുകൊണ്ട് ഈ രണ്ട് സമുദായങ്ങൾക്കും പ്രത്യേക പരിഗണന കൊടുത്തുകൊണ്ട്, പട്ടികജാതിക്കാർക്ക് 19 ശതമാനവും വിശ്വകർമ്മ പോലെയുള്ളവർക്ക് പ്രത്യേക സംവരണവും ഏർപ്പെടുത്തി ദേവസ്വം ബോർഡിലെ നിയമനങ്ങളിൽ പ്രത്യേക പരിഗണന കൊടുക്കുവാൻ തയ്യാറാകുമോ എന്നതാണ് എന്റെ ഈ ശ്രദ്ധക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുവാനുള്ളത്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ദേവസ്വം ബോർഡുകളിലെ ജീവനക്കാരുടെ നിയമനം വ്യവസ്ഥാപിതവും സുതാര്യവുമായി നടത്തുന്നതിനായി കേരള നിയമസഭ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിയമം പാസ്സാക്കുകയും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വരികയും ചെയ്തു. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വന്നതിനുശേഷമാണ് ദേവസ്വം ബോർഡുകളിൽ സാമുദായിക സംവരണം പാലിച്ച് ജീവനക്കാരെ നിയമിച്ച് തുടങ്ങിയത്. 2016-ലെ കേരള ദേവസ്വം

റിക്രൂട്ട്മെന്റ് ബോർഡ് ചട്ടങ്ങളിലെ ചട്ടം 3 (2) പ്രകാരം 1958-ലെ Kerala State & Subordinate Services ചട്ടങ്ങളിലെ പാർട്ട് II-ലെ 14 മുതൽ 17 വരെ ചട്ടങ്ങളിൽപ്പറയുന്ന റിസർവേഷൻ ചട്ടങ്ങളും റൊട്ടേഷൻ ചട്ടങ്ങളും ആവശ്യമായ മാറ്റങ്ങളോടെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴിയുള്ള നിയമനങ്ങൾക്കും ബാധകമാണെന്ന് അനുശാസിക്കുന്നു. 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടം 3 (2) ന്റെ പ്രൊവിസോ പ്രകാരം 1958-ലെ Kerala State & Subordinate Services ചട്ടങ്ങളിലെ അഹിന്ദുക്കളായ പിന്നോക്ക സമുദായങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള തസ്തികകൾ ഓപ്പൺ മെരിറ്റ് ക്വാട്ടയായി കണക്കാക്കുന്നതാണെന്നും അനുശാസിക്കുന്നു. ഇതനുസരിച്ച് ദേവസ്വം ബോർഡുകളിലെ നിയമനങ്ങളിൽ 32 ശതമാനം ഹിന്ദുമതത്തിലെ സംവരണ സമുദായങ്ങളിൽനിന്നും 68 ശതമാനം ഹിന്ദു മതത്തിലെ ഓപ്പൺ മെരിറ്റിൽനിന്നും നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നു. ദേവസ്വം നിയമനങ്ങളിൽ സംവരണേതര സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കായി 10 ശതമാനം സംവരണം ഏർപ്പെടുത്തുന്നതിനായും അതോടൊപ്പംതന്നെ സംവരണ സമുദായങ്ങളിലെ ഈഴവ, തിയ്യ, ബില്ലവ വിഭാഗങ്ങൾക്ക്

നിലവിലുണ്ടായിരുന്ന 14 ശതമാനത്തിൽനിന്നും 17 ശതമാനമായും പട്ടികജാതി വിഭാഗത്തിന് നിലവിലുണ്ടായിരുന്ന 8 ശതമാനത്തിൽനിന്ന് 10 ശതമാനമായും മറ്റ് പിന്നോക്ക വിഭാഗത്തിന് നിലവിലുണ്ടായിരുന്ന 3 ശതമാനത്തിൽനിന്ന് 6 ശതമാനമായും സംവരണം ഉയർത്തി നൽകുന്നതിന് സർക്കാർ തീരുമാനിക്കുകയും അതാത് ദേവസ്വങ്ങൾ അപ്രകാരം ദേവസ്വം ബോർഡുകളുടെ ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും ചെയ്തു. 18.11.2019-ലെ സർക്കാർ ഉത്തരവ് (Rt.) പ്രകാരം കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടങ്ങളിൽ അതനുസരിച്ച് സർക്കാർ ഭേദഗതി വരുത്തുകയുണ്ടായി. ദേവസ്വം ബോർഡുകളിലെ നിയമനങ്ങളിൽ വിവിധ സമുദായങ്ങളുടെ നിലവിലുള്ള സംവരണ ശതമാനം താഴെപ്പറയും പ്രകാരമാണ്. ഓപ്പൺ കോമ്പറ്റീഷൻ:- ലാസ്റ്റ് ഗ്രേഡ് ഒഴികെയുള്ള സർവ്വീസ് -50 %, ലാസ്റ്റ് ഗ്രേഡ് സർവ്വീസ്-50%; ഹിന്ദു മതത്തിൽപ്പെട്ട സംവരണേതര സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ(ഇ.ഡബ്ല്യൂ.എസ്):-ലാസ്റ്റ് ഗ്രേഡ് ഒഴികെയുള്ള സർവ്വീസ് -10%, ലാസ്റ്റ് ഗ്രേഡ് സർവ്വീസ് -10%; പട്ടികജാതി:- ലാസ്റ്റ് ഗ്രേഡ് ഒഴികെയുള്ള സർവ്വീസ് -10%, ലാസ്റ്റ് ഗ്രേഡ് സർവ്വീസ്-10%; പട്ടികവർഗ്ഗം ഹിന്ദു:- 2/ 2; ഈഴവ, തീയ്യ, ബില്ലവ:- 17/14; വിശ്വകർമ്മ:-

3/2; ഹിന്ദു മതത്തിൽപ്പെട്ട മറ്റു പിന്നോക്ക വിഭാഗങ്ങൾ:- 6/9; ധീവര:- 1/2; ഹിന്ദു നാടാർ:- 1/1 അങ്ങനെയാണ് തീരുമാനിച്ചിട്ടുള്ളത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വിശ്വകർമ്മ ഉൾപ്പെടെയുള്ള മറ്റു പിന്നോക്ക സമുദായങ്ങൾക്കും ദേവസ്വം നിയമനങ്ങളിൽ ഇപ്പോൾത്തന്നെ നിലവിലുള്ള സംവരണ ചട്ടങ്ങൾക്കനുസരിച്ച് അർഹമായ പ്രാതിനിധ്യം നൽകിവരുന്നുണ്ട്. ഇതിന്റെ കണക്കുകൾ പിന്നീട് വേണമെങ്കിൽ പറയാം. വിശ്വകർമ്മ വിഭാഗത്തിന് സർക്കാർ സർവ്വീസിന് സമാനമായ 3 ശതമാനം സംവരണം ദേവസ്വം വിഭാഗങ്ങളിലും ലഭ്യമാണ്. സംവരണ സമുദായങ്ങൾക്കെല്ലാംകൂടി ഇപ്പോൾത്തന്നെ 50 ശതമാനം സംവരണം ലഭ്യമാണ്. സാമുദായിക സംവരണം 50 ശതമാനത്തിലധികമാക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. കേരളത്തിലൊട്ടാകെ 70-ൽ അധികം ഹിന്ദു പിന്നോക്ക സമുദായങ്ങളുണ്ട്. ഇവരുടെ ജനസംഖ്യ തിരിച്ചുള്ള കൃത്യമായ കണക്കുകളും ലഭ്യമല്ല. പുതിയ സെൻസസ് എടുക്കുന്നതിനുള്ള സമയമായിരിക്കുകയാണ്, അതിൽ ലഭിക്കുന്ന കണക്കുകളനുസരിച്ച് ആ സമയത്ത് ഇത്തരം കാര്യങ്ങൾ പരിഗണിക്കാൻ കഴിയുന്നതാണ്. എയ്ഡഡ് സ്കൂൾ/കോളേജ് നിയമനങ്ങളിൽ സംവരണമില്ല, യൂണിവേഴ്സിറ്റി റെഗുലേഷൻ

അനുസരിച്ചാണ് അവിടെ നിയമനം നടക്കുന്നത്. പിന്നോക്ക വിഭാഗങ്ങൾക്കും പട്ടികജാതിക്കാർക്കും അർഹമായിട്ടുള്ള സംവരണം കിട്ടുന്നില്ലെന്ന് അങ്ങിവിടെ സൂചിപ്പിച്ചു, ദേവസ്വം ബോർഡ് വന്നതിനുശേഷം 858 പേരെ വിവിധ മേഖലകളിലെ നിയമനത്തിനായി ശിപാർശ ചെയ്തു. ഞാൻ അതിലെ കണക്ക് വായിക്കാം, മുന്നോക്കക്കാർ 345, ഈഴവ 256, പട്ടികജാതി 90, പട്ടികവർഗ്ഗം 2, ഒ.ബി.സി. 62, വിശ്വകർമ്മ 29, ധീവര 43, നാടാർ 11, ഇ.ഡബ്ല്യൂ.എസ്. 17, പി.എച്ച്. (Low vision) 1, പി.എച്ച്. (Hearing impaired) 1, പി.എച്ച്. (Locomotor disability) 1 അങ്ങനെ 858 പേർ. നല്ലതോതിലാണ് പിന്നോക്ക സമുദായങ്ങൾക്ക് നിയമനങ്ങൾ ലഭ്യമായിരിക്കുന്നത്, കണക്കുകൾ അങ്ങനെയാണ് പറയുന്നത്. വിശദമായി പരിശോധിച്ചാൽ കൂടുതൽ കാര്യങ്ങൾ പറയാൻ പറ്റും. പാർട്ട് ടൈം ശാന്തിമാരുടെ കാര്യം മാത്രം നോക്കിയാൽ മുന്നോക്കക്കാർ 128 പേർ നിയമിക്കപ്പെട്ടപ്പോൾ ഈഴവർ 100, പട്ടികജാതി 29, പട്ടികവർഗ്ഗം 1 (ആളില്ലാത്തതുകൊണ്ടാണ്, രണ്ടുപേരെ നിയമിക്കേണ്ടതായിരുന്നു), ഒ.ബി.സി. 20, വിശ്വകർമ്മ 9, നാടാർ  3, ധീവര 20 അങ്ങനെയാണ് 310 പേർ നിയമിക്കപ്പെട്ടിട്ടുള്ളത്. വളരെ അർഹമായിട്ടുള്ള ഒരു നിയമനമാണ്

പിന്നോക്ക സമുദായങ്ങൾക്ക് ദേവസ്വം ബോർഡ് വന്നതിനുശേഷം നടന്നിട്ടുള്ളത്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ദേവസ്വം ബോർഡിനുകീഴിൽ ഒട്ടനവധി സ്ഥാപനങ്ങളുണ്ട്. കോളേജുകൾ, സ്കൂളുകൾ അങ്ങനെയുള്ള സ്ഥാപനങ്ങളുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ കണക്കുകൾ വച്ചുനോക്കുമ്പോൾ അവിടെയല്ലാം കുറെയധികം നിയമനങ്ങൾ പിന്നോക്ക സമുദായത്തിന് കിട്ടിയെന്ന് തോന്നും. പക്ഷെ, അവിടെയൊന്നും നിയമനം നടന്നിട്ടില്ല. സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി, അങ്ങ് പറഞ്ഞ രീതിയിലുള്ള സംവരണത്തിന്റെ അടിസ്ഥാനത്തിൽ നിയമനം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ; കേരളത്തിലെ എല്ലാ ഡിപ്പാർട്ടുമെന്റുകളും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും പിന്നോക്ക സമുദായക്കാർക്കും മതിയായ പ്രാതിനിധ്യം ഇല്ലാതെ വരുമ്പോൾ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി അവർക്ക് നിയമനം കൊടുക്കാറുണ്ട്. ജനറൽ വിഭാഗത്തിൽപ്പെട്ട ആളുകളെപ്പോലെത്തന്നെ യോഗ്യതയുള്ള പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകളുമുണ്ട്. ദേവസ്വം ബോർഡിനുകീഴിലെ കോളേജുകളിലും സ്കൂളുകളിലും സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി അവരെ

നിയമിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u> സർ, പട്ടികജാതി വിഭാഗത്തിന്റെ കാര്യത്തിൽ, തിരുവിതാംകൂർ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് പ്രത്യേക റിക്രൂട്ട്മെന്റ് നടത്തി അവർക്ക് അർഹമായിട്ടുള്ള സ്ഥാനങ്ങളിലേയ്ക്ക് നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്ത് എയ്ഡഡ് സ്കൂൾ/കോളേജുകളിലെ നിയമനത്തിന് നിലവിലുള്ള വ്യവസ്ഥയനുസരിച്ചാണ് ദേവസ്വം ബോർഡിനുകീഴിലുള്ള കോളേജുകളിലെയും സ്കൂളുകളിലെയും നിയമനങ്ങൾ നടക്കുന്നത്.

<u>ശ്രീ. എ. പി. അനിൽകുമാർ</u>: ദേവസ്വം ബോർഡിന്റെ കോളേജുകളിൽ നിലവിലുള്ള സംവരണതത്വം പാലിക്കുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതിപോലും എതിര് പറഞ്ഞിട്ടില്ല. യഥാർത്ഥത്തിൽ മുഴുവൻ എയ്ഡഡ് കോളേജുകൾക്കും കൊടുക്കണമെന്നാണ് കോടതി പറഞ്ഞത്, നമുക്ക് അതിന് കഴിയില്ല.  പക്ഷെ, ദേവസ്വം ബോർഡിന്റെ കീഴിലുള്ള കോളേജുകളിൽ നമുക്ക് എന്തുകൊണ്ട് അത് ആലോചിച്ചുകൂടാ?  ദേവസ്വം ബോർഡിന്റെ കോളേജുകളിൽ പരിശോധിച്ചാൽ എസ്.സി. വിഭാഗത്തിൽനിന്നുള്ള ഒരാൾ മാത്രമാണ് അദ്ധ്യാപകനായിട്ടുള്ളത്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി ഇടപെടേണ്ട കാര്യമാണ്, ചെയ്യാൻ കഴിയുന്നൊരു കാര്യമാണ്. അതുകൊണ്ട് ദേവസ്വം ബോർഡിന്റെ കീഴിൽ വരുന്ന എയ്ഡഡ് കോളേജുകളിൽ സംവരണം പാലിച്ചുകൊണ്ട് നിയമനം നടത്താനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ചെയ്യാൻ പറ്റുന്ന എല്ലാ കാര്യങ്ങളും ചെയ്യുന്നൊരു സർക്കാരാണിതെന്ന് ബഹുമാനപ്പെട്ട അംഗത്തിന് അറിയാവുന്നതാണ്. അദ്ദേഹം പറഞ്ഞ കാര്യം ഗൗരവമായി പരിശോധിക്കാം.